⇨ കരിമണൽ ഖനനം തന്നെയാണ് കടൽ കയറുന്നതിന് പ്രധാന കാരണം ⇨

കരിമണൽ ഖനനം സ്വകാര്യമേഖലയിൽ അനുവദിക്കുന്നതിനായുള്ള ശ്രമങ്ങൾ സർക്കാർതലത്തിൽ ഊർജ്ജിതമാവുകയും അതിനായുള്ള അണിയറനീക്കങ്ങൾ സ്വകാര്യകമ്പനികൾ ഊർജ്ജിതമാക്കുകയും ചെയ്തിരിക്കുകയാണ്. എവിടെയും കരിമണലിന്റെ സാമ്പത്തികമൂല്യത്തെക്കുറിച്ചുള്ള സംസാരങ്ങൾ. എന്നാൽ ഖനന മേഖലയിലെയും ഖനനാനുബന്ധ വ്യവസായ മേഖലയിലെയും **ജനങ്ങൾക്ക് പറയാനുള്ളത് മറ്റൊന്നാണ്...**

*ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തുടങ്ങിയതാണ് കൊല്ലം ജില്ലയിലെ ആലപ്പാട് വില്ലേജിലെ കരിമണൽ ഖനനം. സ്വർണ്ണനിക്ഷേപത്തേക്കാൾ സമ്പന്നമെന്ന് വിശേഷപ്പിക്കപ്പെടുന്ന ആലപ്പാട്ടെ മണൽത്തിട്ടകൾ നൂറ് വർഷത്തോളമായി കാർന്നെടുക്കുന്ന വ്യവസായ സംരംഭങ്ങൾ ഈ തീരദേശ ഗ്രാമത്തിന് പകരം നൽകിയതെന്താണ്? ജൈവസമ്പന്നമായ മത്സ്യബന്ധനതീരങ്ങളും ഏക്കറുകണക്കിന് സ്വകാര്യഭൂമിയും കടലോരത്തിന്റെ സാംസ്കാരിക പൈതൃകങ്ങളും കാലാകാലങ്ങളിൽ തിരയെടുത്തുപോയി. പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് വട്ടക്കായലിനും ഇടയിൽ ഒരു നേർത്തനാടപോലെ ലോപിച്ചുകൊണ്ടിരിക്കുകയാണ് ഇന്ന് ആലപ്പാട്. കരിമണൽ യഥേഷ്ടം തുരന്നെടുത്ത് രാജ്യത്തെ സമ്പന്നമാക്കുന്നതിനുള്ള ആഹ്വാനങ്ങൾ ഉന്നതങ്ങളിൽ നിന്നും തുടർച്ചയായി എത്തിക്കൊണ്ടിരിക്കെ ഭാവിജീവിതം എന്താകുമെന്ന് ആശങ്കപ്പെടാൻ പോലും കഴിയാത്തവിധം ഈ നാട്ടുകാർ നിസ്സഹായരായിരിക്കുന്നു. ഏറെ വർഷങ്ങളായി അനിയന്ത്രിതവും അശാസ്ത്രീയവുമായ ഖനനത്തിനും എതിരെ പ്രവർത്തിക്കുന്ന തീരദേശ സംരക്ഷണ പ്രവർത്തൻ കെ.സി. ശ്രീകുമാർ സംസാരിക്കുന്നു.*

# കരിമണലെടുക്കാൻ ഇനിയും ഇതുവഴി വരരുത്

ലോകത്തിലെ ഏറ്റവും വിലയേറിയ ധാതുമണൽ നിക്ഷേപങ്ങൾക്ക് മുകളിൽ കഴിയേണ്ടിവരുന്ന ഒരു ജനതയുടെ ജീവിതം എന്നും ആർത്തിയുടെ കഴുകൻ കണ്ണുകളാൽ വേട്ടയാടപ്പെടും എന്നതാണ് നീണ്ടകരയ്ക്കും ആറാട്ടുപുഴയ്ക്കും ഇടയിലുള്ള തീരദേശ ഗ്രാമങ്ങളുടെ അനുഭവം. പരമ്പരാഗത തീരം കടലിലാഴ്ന്നുപോയ ഖനനമേഖലയിലെ ജനങ്ങൾക്ക് എന്താണ് പറയാനുള്ളത്?

**കെ.സി. ശ്രീകുമാർ / കേരളീയം**

**ഗൾഫിലെ എണ്ണനിക്ഷേപം പോലെ തന്നെ വിലപിടിപ്പുള്ള ഒന്നായാണ് നീണ്ടകരയ്ക്കും കായംകുളം പൊഴിക്കും ഇടയിലുള്ള ഈ തീരത്തെ കരിമണൽ നിക്ഷേപത്തെ സർക്കാറും സ്വകാര്യനിക്ഷേപകരും പരിഗണിക്കുന്നത്. തദ്ദേശീയരായ നിങ്ങളുടെ മേൽ കാലങ്ങളായി പതിച്ചുകൊണ്ടിരിക്കുന്ന ഈ താത്പര്യം എന്തെല്ലാം ദുരന്തങ്ങളാണ് ഇവിടെ വരുത്തിവച്ചിട്ടുള്ളത്?**

അറബിക്കടലിനും കൊല്ലം-കോട്ടപ്പുറം ദേശീയജലപാതയ്ക്കും ഇടയിൽ ഒരു ചെറിയ നാടപോലെ കിടക്കുന്ന പ്രദേശമാണ് ആലപ്പാട്. പടിഞ്ഞാറ് കടലിനഭിമുഖമായി നിൽക്കുന്ന സ്ഥലങ്ങളെല്ലാം വർഷങ്ങളായി തുടരുന്ന കടൽകയറ്റം കാരണം കടലിനടിയിലായിരിക്കുകയാണ്. ഒരു നൂറ്റാണ്ടായി നടക്കുന്ന കരിമണൽ ഖനനം തന്നെയാണ് കടൽ കയറുന്നതിന് പ്രധാന കാരണം. ആലപ്പാട് വില്ലേജിൽ നിന്നും കരിമണൽ ഖനനം ചെയ്തെടുക്കുന്ന വെള്ളനാതുരുത്ത്, പണ്ടാരതുരുത്ത് ഭാഗത്ത് ജനവാസം തീർത്തും അസാധ്യമായിത്തീരുകയും ജനങ്ങൾ സ്ഥലം വിട്ടൊഴിഞ്ഞുപോവുകയും ചെയ്തിരിക്കുന്നു. തൊട്ടടുത്തുള്ള




ഐ.ആർ.ഇയും കെ.എം.എം.എല്ലും ഖനനം ചെയ്യുന്ന വെള്ളനാതുരുത്ത്-പൊന്മ പ്രദേശത്തിന്റെ ഗൂഗിൾ എർത്ത് ചിത്രം. കടൽ കായലിലേക്ക് അടുക്കുന്നതും മുറിഞ്ഞുപോയ പഴയ തീരദേശ റോഡും കാണാം.

പന്മന പഞ്ചായത്തിനും ആലപ്പാട് പഞ്ചായത്തിനും ഇടയിലുള്ള ഖനന മേഖലയിലെ പൊഴി (കടലിനും കായലിനും ഇടയിലുള്ള സ്വാഭാവിക മണൽത്തിട്ട) കഴിഞ്ഞ വർഷം മുറിയുകയും കടൽ കായലിലേക്ക് കയറിവരുകയും ചെയ്തിരുന്നു. തീവ്രമായ തോതിൽ കരിമണൽ ഖനനം നടക്കുന്ന മേഖലയിലാണ് പൊഴി മുറിഞ്ഞത്. അതായത് ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡും (ഐ.ആർ.ഇ), കെ.എം.എം.എൽ (കേരള മിനറൽ ആന്റ് മെറ്റൽസ് ലിമിറ്റഡ്) ഉം ഖനനം നടത്തുന്ന മേഖലയ്ക്ക് നടുവിലുള്ള സ്ഥലം. ഖനനം ഈ രീതിയിൽ തുടർന്നാൽ ആലപ്പാട് പഞ്ചായത്ത് കടലിനടിയിലാകാൻ അധികകാലം വേണ്ടിവരില്ല. പൊന്മനയിലും വെള്ളനാതുരുത്തിലും സംഭവിച്ചതുപോലെയുള്ള ആലപ്പാടിന്റെ തീരത്ത് നിന്നെല്ലാം ജനങ്ങൾ ഒഴിഞ്ഞുപോകേണ്ടിവരും എന്നതാണ് സ്ഥിതി. മത്സ്യബന്ധനത്തിൽ ഏർപ്പെട്ട് ഉപജീവനം കണ്ടെത്തുന്ന ജനതയ്ക്കാണ് അവരുടെ തീരം നഷ്ടമാകാൻ പോകുന്നത്. മൈനിംഗ് നിയമങ്ങൾ കാറ്റിൽപ്പറത്തിയാണ് ഈ രണ്ട് പൊതുമേഖല കമ്പനികൾ വർഷങ്ങളായി ഈ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 1957ലെ മൈനിംഗ് നിയമവും തുടർന്ന് വന്ന നിയമ ഭേദഗതികളും ലംഘിക്കപ്പെടുന്നു. ഖനനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങൾക്ക് ഖനനം നടത്തുന്ന വ്യക്തി പരിഹാരം കാണണമെന്ന് നിമയത്തിൽ പറയുന്നുണ്ട്. എന്നാൽ എന്താണ് ഇവർ ഈ മേഖലയ്ക്ക് വേണ്ടി ചെയ്തിട്ടുള്ളത്. ഒരു തരത്തിലുള്ള സഹായവും ഖനനമേഖലയിലെ ജനങ്ങൾക്ക് ലഭിച്ചിട്ടില്ല. ഖനനം മൂലം പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടെന്നും ജനജീവിതം ദുസ്സഹമായിത്തീർന്നെന്നും അംഗീകരിക്കാൻ പോലും ഈ പൊതുമേഖലാ സ്ഥാപനങ്ങൾ തയ്യാറായിട്ടില്ല. വീടും സ്ഥലവും നഷ്ടപ്പെട്ടിട്ടും പുനഃരധിവാസം ലഭിക്കാതെ വാടകവീടുകളിൽ കഴിയുന്ന നിരവധി പേർ ഈ ഗ്രാമത്തിലുണ്ട്. മത്സ്യബന്ധനം നടത്തിയിരുന്ന തീരം നഷ്ടമായത് എങ്ങനെയാണ് നികത്താൻ പോകുന്നത്? ഇവിടേക്കാണ് ഇനി സ്വകാര്യകമ്പനി കൂടി ഖനനത്തിനായി വരാൻ പോകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പോലും പരിഹരിക്കാൻ കഴിയാത്ത ഇക്കാര്യങ്ങൾ സ്വകാര്യ കമ്പനികൾക്ക് കഴിയുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയില്ല. തീർച്ചയായും ലാഭം മാത്രം ലക്ഷ്യമാക്കുന്നവരാണ് അവർ. ഖനനത്തിന് അനുമതി ലഭിക്കുന്നതിനായി ഒരുപാട് പണം അവർ ഇപ്പോൾത്തന്നെ ചിലവഴിക്കുന്നുണ്ടല്ലോ.

**നിലവിൽ കെ.എം.എം.എല്ലും ഐ.ആർ.ഇയും നടത്തുന്ന ഖനനത്തിന്റെ പ്രത്യാഘാതങ്ങൾ തന്നെയാണോ ഇതെല്ലാം? ഈ തീരത്തിന് നൈസർഗികമായി ലഭിച്ച ധാതുമണൽ സമ്പത്ത് പൊതുനന്മയ്ക്കായി ഉപയോഗപ്പെടുത്തരുത് എന്ന് പറയാൻ കഴിയില്ലല്ലോ?**

കരിമണൽ ഖനനത്തിന്റെ ചരിത്രം മനസ്സിലാക്കിയാൽ ഇപ്പോഴും തുടരുന്ന ഖനനം നിരുപദ്രവമാണെന്ന് പറയാൻ ആർക്കും കഴിയില്ല. ഐ.ആർ.ഇ 1965ലും കെ.എം.എം.എൽ 1972ലും ആണ് ഇവിടെയെത്തുന്നത്. നിലവിൽ കരിമണൽ ഖനനം നടത്തുന്നത് ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ്. എന്നാൽ ഇവരുടെ വരവോടെയല്ല ആലപ്പാടെ കരിമണൽ ഖനനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. 1911ൽ ആരംഭിച്ചതാണ് ഈ പ്രദേശത്തെ കരിമണൽ ഖനനം. 1906ൽ ജർമ്മനിയിൽ വച്ച് നടന്ന കയർ ഉത്പന്നങ്ങ

ളുടെ ഒരു പ്രദർശനത്തിൽ ആലപ്പാട് നിന്നുള്ള കയറും പ്രദർശിപ്പിച്ചിരുന്നു. കയർ സൂക്ഷിച്ചിരുന്ന ഗോഡൗണിൽ കറുത്തമണലിന്റെ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്ന് അത് ലാബിൽ അയച്ച് പരിശോധിച്ചു. പെട്രോമാക്സ് വിളക്ക് കത്തിക്കുന്നതിന് ആവശ്യമായ മാന്റിൽ ഉണ്ടാക്കുന്നതിന് ആവശ്യമായ ധാതുവസ്തു ആ മണലിൽ ഉള്ളതായി കണ്ടെത്തി. പ്രകാശത്തിനായി യൂറോപ്യൻ രാജ്യങ്ങൾ അന്ന് പ്രധാനമായും ആശ്രയിച്ചിരുന്നത് പെട്രോമാക്സ് വിളക്കിനെയായിരുന്നു. അതുകൊണ്ടുതന്നെ മണലിന്റെ സ്രോതസ്സ് അന്വേഷിച്ച് ഹർഷാം ബർഗ് എന്ന ഉദ്യോഗസ്ഥൻ ഉടൻ ഇന്ത്യയിലേക്ക് തിരിച്ചു. കരുനാഗപ്പള്ളി താലൂക്കിലെ തീരപ്രദേശത്തും കന്യാകുമാരി ജില്ലയിലെ മണവാളക്കുറിച്ചിയിലും കരിമണലിന്റെ വലിയ കുന്നുകൾ തന്നെ കണ്ട് അദ്ദേഹം ഞെട്ടി. അങ്ങനെ 1910ൽ ആദ്യത്തെ ഖനന സംരംഭം അദ്ദേഹം മണവാളക്കുറിച്ചിയിൽ സ്ഥാപിച്ചു. 1911ൽ ചവറയിലും ഖനനം തുടങ്ങി. അന്നു മുതലുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ ഇവിടെ നടന്ന ഖനനത്തിന്റെ വ്യാപ്തി കണക്കിലാക്കണം. 1930കളിൽ വൈദ്യുതി സുലഭമായതോടെ പെട്രോമാക്സിന്റെ ആവശ്യം കുറഞ്ഞെങ്കിലും കരിമണലിലെ ഇൽമനൈറ്റിൽ നിന്നും പെയിന്റ്, പ്ലാസ്റ്റിക് വ്യവസായങ്ങൾക്ക് ആവശ്യമായ പിഗ്മെന്റ് നിർമ്മിക്കാൻ കഴിയുമെന്ന് ശാസ്ത്ര ലോകം കണ്ടെത്തിയിരുന്നു. അങ്ങനെ ഖനനം വീണ്ടും തുടർന്നു. 1920കളിൽ ചവറയുടെ തീരത്ത് നിന്നും ഇൽമനൈറ്റ് കയറ്റി അയച്ചുതുടങ്ങി. 1932ൽ എഫ്.എക്സ്. പെരേര എന്നൊരാൾ ആധുനിക രീതിയിലുള്ള കരിമണൽ വ്യവസായ പ്ലാന്റ് ഇവിടെ സ്ഥാപിച്ചു. കരിമണലിൽ നിന്നും ഇൽമനൈറ്റ് വേർതിരിച്ച് കയറ്റി അയയ്ക്കുകയായിരുന്നു കമ്പനിയുടെ പ്രവർത്തനം. തുടർന്ന് ട്രാവൻകൂർ മിനറൽസ്, അസോസിയേറ്റഡ് മിനറൽസ്, ഹോപ്കിൻസ് ആന്റ് വില്യംസ് തുടങ്ങിയ കമ്പനികളും ഈ തീരത്തെത്തി. 1950ൽ ഊർജ്ജ-പ്രതിരോധ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ധാതുക്കൾ വികസിപ്പിക്കുന്നതിനായി ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (ഐ.ആർ.ഇ) സ്ഥാപിതമായി. ട്രാവൻകൂർ മിനറൽസ് എന്ന സ്വകാര്യകമ്പനിയുടെ ആസ്തിബാധ്യതകൾ ഏറ്റെടുത്തുകൊണ്ട് 1965ൽ ഐ.ആർ.ഇയും ഇവിടെ നടക്കുന്ന ഖനന പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളിയായി. 1955 ആയതോടെ എഫ്.എക്സ് പെരേര കമ്പനിക്കും സാമ്പത്തിക ഞെരുക്കമുണ്ടായി. 1956ൽ സംസ്ഥാന സർക്കാർ കമ്പനിയുടെ മേൽനോട്ടം ഏറ്റെടുത്തു. 1971ൽ എഫ്.എക്സ്. പെരേര ഗ്രൂപ്പ് കമ്പനി സർക്കാറിന് വിറ്റു. തുടർന്ന് 1972ൽ കേരള മിനറൽ ആന്റ് മെറ്റൽസ് (കെ.എം.എം.എൽ) എന്ന പേരിൽ പൂർണ്ണമായും ഒരു പൊതുമേഖലാ സ്ഥാപനമായി അത് മാറി. രാജ്യത്തിന്റെ വ്യാവസായിക-പ്രതിരോധ രംഗത്തിന് ആവശ്യമായ ധാതുക്കൾ നൽകുക എന്ന ലക്ഷ്യത്തോടെ ഖനനം തുടങ്ങിയ ഈ പൊതുമേഖലാ കമ്പനികൾ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ കരിമണൽ കോരിയെടുത്തു. ഖനനത്തിനെതിരെ ഉയർന്നുവന്ന പ്രക്ഷോഭങ്ങളെ പല വിധത്തിലും അവർ ഒതുക്കി. അറബിക്കടലിനും ഇന്നത്തെ ദേശീയ ജലപാതയ്ക്കും ഇടയിൽ അഞ്ച് കിലോമീറ്ററെങ്കിലും വീതിയുണ്ടായിരുന്ന ഒരു ഭൂപ്രദേശം 50 മീറ്റർ പോലും വീതിയില്ലാത്തവിധം ചുരുങ്ങി. നീണ്ട കാലത്തെ അനുഭവത്തിൽ നിന്നുകൊണ്ടാണ് ഞങ്ങൾ സംസാരിക്കുന്നത്. ഖനനം കൊണ്ട് പൊറുതിമുട്ടിയ ഒരു സ്ഥലത്തേക്ക് സ്വകാര്യ കമ്പനികൾകൂടി എത്തുന്നതിനെ ചെറുക്കുമെന്ന് പറയുന്നത് അതുകൊണ്ടാണ്. അല്ലാതെ ധാതുമണൽ വ്യവസായത്തെ തകർക്കുന്നതിനോ, രാജ്യതാത്പര്യത്തിന് വിരുദ്ധമായി നിൽക്കുന്നതിനോ ഞങ്ങളും ഉദ്ദേശിക്കുന്നില്ല.

**തീരം കടലെടുത്ത് പോകുന്നതിന്റെ സാമൂഹിക പ്രശ്നങ്ങൾ ഒന്നുകൂടി വിശദീകരിക്കാമോ?**

കരിമണൽ വലിയ സമ്പത്താണെന്നാണ് രാഷ്ട്രീയക്കാരും വ്യവസായികളുമെല്ലാം പറയുന്നത്. അതുകൊണ്ട് ആരാണ് സമ്പന്നരായത്? എന്തായാലും ഇവിടെയുള്ള ജനങ്ങൾ കൂടുതൽ പാർശ്വവത്കരിക്കപ്പെടുകയാണുണ്ടായത്. പൊന്മനപ്പാടം, മുരുക്കുമ്പുഴപ്പാടം, പനക്കടപ്പാടം തുടങ്ങിയ നാടിന്റെ ഭക്ഷ്യസുരക്ഷയെ നിയന്ത്രിച്ചിരുന്ന വയലുകൾ കടലിനടിയിലായി. പരമ്പരാഗത വ്യാപാരകേന്ദ്രങ്ങളായിരുന്ന അഴീക്കൽ മാധവപുരം ചന്ത, ആലപ്പാട് അങ്ങാടി, പണ്ടാരത്തുരുത്ത് പെസഹ ചന്ത എന്നിവയും വെള്ളത്തിനടിയിലാണ്ടു. ശൂരനാട് കലാപത്തിൽ പങ്കാളികളായിരുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളായ തോപ്പിൽ ഭാസിയും ശങ്കരനാരായണൻ തമ്പിയും അന്ന് ഒളിക്കാൻ ഇടം തേടി വന്നത് പകൽ പോലും ഇരുൾമൂടിക്കിടന്നിരുന്ന പനക്കടക്കാട്ടിലായിരുന്നു. ആ സ്ഥലം ഇന്ന് കാണാൻ പോലുമില്ല. കുട്ടിക്കാലത്ത് എന്റെ വീടുപോലും ഇപ്പോൾ ഈ കാണുന്ന കടൽഭിത്തിക്ക് പടിഞ്ഞാറായിരുന്നു. ഇതൊന്നും വെറുതെ പറയുന്നത



2013ൽ പൊന്മന പൊഴി മുറിഞ്ഞ് കടലും കായലും ഒന്നായപ്പോൾ നടന്ന പ്രതിഷേധം

ല്ല. സർക്കാർ രേഖകൾ തന്നെ അനുബന്ധ തെളിവുകൾ തരുന്നുണ്ട്. 1994ൽ നടന്ന റവന്യൂ റീസർവ്വെ ആലപ്പാട് വില്ലേജിലെ 7200 ഹെക്ടർ ഭൂമിക്കുള്ള കരം ഇനി പിരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിരുന്നു. അതിനർത്ഥം അത്രയും ഭൂമി കടലിൽ പോയി എന്നാണ്. കടലെടുത്തുപോയ ഭൂമിയുടെ ആധാരം വച്ച് ബാങ്ക് വായ്പയെടുക്കുന്നവർ ഇവിടെയുണ്ട്. ഇതൊന്നും തെളിവായി പോരെങ്കിൽ മറ്റൊരു വി.ഐ.പി സാക്ഷ്യം കൂടിപ്പറയാം. ദേശീയ ബഹിരാകാശ കമ്മീഷൻ ചെയർമാനായിരുന്ന വിക്രം സാരാഭായ് റോക്കറ്റ് വിക്ഷേപണ കേന്ദ്രം തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം നോക്കി 1962ൽ സെപ്തംബർ 20ന് വെള്ളനാതുരുത്തിൽ വന്നിരുന്നു. കരിമണൽ കുന്നുകൾക്ക് പടിഞ്ഞാറുള്ള വിശാലമായ മണൽപ്പരപ്പാണ് അദ്ദേഹം റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിന് ഏറ്റവും അനുയോജ്യമായി കണ്ടത്. സെപ്തംബർ 22ന് തിരുവനന്തപുരത്ത് പത്രസമ്മേളനം നടത്തി ഇക്കാര്യം അദ്ദേഹം വെളിപ്പെടുത്തുകയും ചെയ്തിരുന്നു. ആ വാർത്തയുടെ പത്ര റിപ്പോർട്ട് എന്റെ കൈവശമുണ്ട്. മറ്റ് പല കാരണങ്ങളാൽ ആ റോക്കറ്റ് വിക്ഷേപണ കേന്ദ്രം തുമ്പയിലേക്ക് മാറ്റുകയായിരുന്നു. എന്തായാലും ഇന്നത്തെപ്പോലെ തീരെ ചെറിയ ഒരു തുരുത്തായിരുന്നെങ്കിൽ ഒരിക്കലും അദ്ദേഹം ഈ സ്ഥലം റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിനായി നിർദ്ദേശിക്കില്ലായിരുന്നല്ലോ.

**തീരപരിസ്ഥിതിയെ എത്തരത്തിലാണ് ഖനനം ബാധിച്ചിട്ടുള്ളത്?**

ഖനനം മത്സ്യബന്ധന മേഖലയ്ക്ക് ഭീമമായ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. ഇക്കാര്യം ശാസ്ത്രീയമായി വിലയിരുത്താൻ സർക്കാർ സംവിധാനങ്ങൾ ഇനിയും തയ്യാറായിട്ടില്ല. തീരം കടലെടുത്തത് കരയിലെയും കടലിലെയും ജൈവവൈവിധ്യത്തിന്റെ നാശത്തിന് കാരണമായിട്ടുണ്ട്. ചാകര എന്ന് ഞങ്ങൾ വിളിക്കുന്ന മഡ്ബാങ്കുകളുടെ നാശമാണ് പ്രധാന നഷ്ടം. കടലിനോട് ചേർന്ന് കിടക്കുന്ന തിരകുറവുള്ള തീരങ്ങളിലാണ് മഡ്ബങ്ക് കാണപ്പെടാറുള്ളത്. തിര കുറയുന്നതുകൊണ്ടുതന്നെ അവിടെ ചെളി കൂടുതലായുണ്ടാകും. കടമുറിയെന്നും പറയാറുണ്ട്. ആലപ്പാടിന്റെ തീരം മുഴുവൻ അത്തരം മഡ്ബാങ്കുകളുണ്ടായിരുന്നു. ലവണ സമ്പന്നമായ ഈ പ്രദേശം ധാരാളം ചെറുമത്സ്യങ്ങളുടെ ആവാസകേന്ദ്രമായിരുന്നു. എഴുപതുകളുടെ അവസാനം വരെ ഇത്തരം മഡ്ബാങ്കുകൾ ഇവിടെ ധാരാളമുണ്ടായിരുന്നു. പൊന്മനയിൽ ഇപ്പോൾ ഖനനം നടക്കുന്ന ഭാഗത്തുണ്ടായിരുന്ന മഡ്ബാങ്കിൽ കൊഞ്ച് എന്നറിയപ്പെടുന്ന മത്സ്യം വലിയ തോതിൽ കിട്ടുമായിരുന്നു. ഇന്ന് മഡ്ബാങ്ക് പോയിട്ട് ഒരുതരി മണലുപോലും തീരത്തില്ല. എല്ലായിടത്തും കടൽഭിത്തി കെട്ടിയിരിക്കുകയാണ്. അതോടെ മത്സ്യ

തൊഴിലാളികൾക്ക് കടലിലേക്ക് വള്ളമിറക്കുന്നതിനും തീരത്ത് നിന്നും കമ്പാവല (കരയിൽ നിന്നുകൊണ്ട് വലിച്ചുകയറ്റുന്ന വല) കടലിലേക്ക് ഇട്ട് മീൻ പിടിക്കുന്നതിനുമുള്ള മാർഗ്ഗങ്ങളെല്ലാം അടഞ്ഞു. പ്രായമുള്ള മത്സ്യത്തൊഴിലാളികളും പുറത്ത് മറ്റ് ജോലികൾക്ക് പോകേണ്ടുന്നവരും പ്രധാനമായും ആശ്രയിച്ചിരുന്ന മത്സ്യബന്ധന രീതിയായിരുന്നു കമ്പാവല വലിക്കൽ. തീരം പോയതോടെ അതെല്ലാം പൂർണ്ണമായും ഇല്ലാതെയായി. ആമ വ്യാപകമായി മുട്ടയിടുന്ന തീരമായിരുന്നു ഇത്. ഇന്ന് കടലാമകളെ കാണാൻ പോലുമില്ല. മണലെടുപ്പ് വ്യാപകമായി നടക്കുന്ന പൊന്മനയിലെ പൊഴി മുറിഞ്ഞുപോയ കാര്യം മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. ഇത്തരത്തിൽ കടൽ കായലിലേക്കെത്തിയാൽ കായലിലേയും അതിന് മറുകരയിലുള്ള പ്രദേശത്തെയും ജൈവസമ്പത്തിന് നാശം സംഭവിക്കും. ഈ രീതിയിൽ ഖനനം തുടർന്നാൽ സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന കുട്ടനാടൻ മേഖലകൾ പോലും കടലിനടിയിലാകും എന്നതിന് സൂചനയാണ് ഇതെല്ലാം. സെന്റർ ഫോർ എർത്ത് സയൻസസ് (സെസ്) പോലെയുള്ള സർക്കാർ സ്ഥാപനങ്ങൾ തന്നെ ഖനനത്തിന്റെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതൊന്നും ചർച്ച ചെയ്യാൻ പോലും ആരും തയ്യാറായിട്ടില്ല.

**സുനാമിയിൽ കൂടുതൽ മരണമുണ്ടായതും ആലപ്പാട് ആയിരുന്നില്ലേ?**

അതെ. സുനാമി ദുരന്തവും ഇത്രയേറെ ആഘാതമുണ്ടാക്കാൻ കാരണം ഖനനം തന്നെയാണ്. അന്ന് അത്തരത്തിലുള്ള ചർച്ചകൾ ഉയർന്നുവരുകയും ചെയ്തിരുന്നു. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരത്ത് രണ്ട് സ്ഥലങ്ങളിലായിരുന്നു സുനാമി വലിയ ദുരിതം വിതച്ചത്. ഒന്ന് ആലപ്പാട്, മറ്റൊന്ന് മണവാളക്കുറിച്ചിയോട് ചേർന്നുകിടക്കുന്ന ചിന്നവിള, കുളച്ചൽ, കോടിമന, സൈമൺ തുടങ്ങിയ കോളനികളിൽ. ഇവിടങ്ങളിലാണ് ഏറെ മരണമുണ്ടായത്. ഈ രണ്ട് പ്രദേശങ്ങളും ഖനന മേഖലകളാണ് എന്നതാണ് ശ്രദ്ധിക്കേണ്ട വസ്തുത. ഐ.ആർ.ഈ സ്വകാര്യ കമ്പനികളും ഖനനം നടത്തുന്ന പ്രദേശമാണ് തമിഴ്നാട്ടിലെ മണവാളൻകുറിച്ചി. ആലപ്പാട് തുടങ്ങിയ കാലത്ത് തന്നെ അവിടെയും കരിമണൽ ഖനനം ആരംഭിച്ചിട്ടുണ്ട്. സുനാമിയുടെ ആഘാതം ഈ സ്ഥലങ്ങളിൽ മാത്രം ശക്തമാകാൻ കാരണം ഖനനം തന്നെയല്ലേ? ഇക്കാര്യത്തിൽ കൂടുതൽ ശാസ്ത്രീയ അന്വേഷണങ്ങൾ നടത്താൻ സർക്കാർ തയ്യാറായിട്ടില്ല.

**തമിഴ്നാട്ടിലെ ഒരു സ്വകാര്യ കമ്പനി കേരളത്തിന്റെ തീരത്ത് നിന്നും കരിമണൽ കടത്തുന്നതായി വ്യാപകമായ ആക്ഷേപമുണ്ടല്ലോ? കൊല്ലം തീരത്ത് കാണുന്ന ക്യു ഗ്രേഡ് മണൽ തമിഴ്നാട്ടിലെ ഫാക്ടറിയിൽ നിന്നും കണ്ടെത്തിയിട്ടുമുണ്ട്. കേരളത്തിലെ സ്വകാര്യ കമ്പനികൾ മുഖ്യമായും ആയുധമാക്കുന്ന ഒരു വിഷയമാണിത്. കേരളത്തിലെ സ്വകാര്യ കമ്പനികൾക്ക് ഖനനത്തിന് അനുമതി നൽകാൻ വിസമ്മതിക്കുന്നവർ തമിഴ്നാടിന്റെ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നതായും ആരോപണമുണ്ട്? നാട്ടുകാരനെന്ന നിലയിൽ താങ്കൾക്ക് എന്താണ് തോന്നുന്നത്? കള്ളക്കടത്ത് എന്നത് യാഥാർത്ഥ്യമോ കെട്ടുകഥയോ?**

ക്യു ഗ്രേഡ് മണൽ തമിഴ്നാട്ടിൽ കണ്ടെത്തിയെങ്കിൽ അത് ഉറപ്പായും ഇവിടെ നിന്നും പോയതുതന്നെയാണ്. എന്നാലും കേരളത്തിലെ സ്വകാര്യ ധാതുമണൽ വ്യവസായ ലോബികൾ പറയുന്നതുപോലെയുള്ള ഒരു കൊള്ള ഇവിടെ നടന്നിട്ടില്ല. അവർ ചില പത്രങ്ങളെ ചാക്കിലാക്കി ഇല്ലാത്ത കഥകൾ മെനഞ്ഞെടുക്കുകയാണ്. പലതും പെയ്ഡ് ന്യൂസാണ്. കേരള കൗമുദിയും കലാകൗമുദിയും പോലെയുള്ള സ്ഥാപനങ്ങളെ സ്ഥാപിതതാത്പര്യക്കാർ പൂർണ്ണമായും വിലക്കെടുത്തിരിക്കുന്നു. സ്വകാര്യ മേഖലയിലെ ഖനനം അനുവദിച്ചാലുള്ള പ്രശ്നത്തെക്കുറിച്ച് 2002ൽ എന്റെ ലേഖനം കലാകൗമുദി പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ സ്ഥിതി അതല്ല. ഏതെല്ലാമോ ഗൂഢതാത്പര്യങ്ങൾക്ക് വേണ്ടി പല മാധ്യമങ്ങളും പണിയെടുക്കുകയാണ്.

10 വർഷത്തിനിടയിൽ 50,000 കോടി രൂപയുടെ കരിമണൽ കള്ളക്കടത്ത് നടന്നതായാണ് വാർത്തകൾ വന്നത്. ആ കണക്കും കരിമണലിന്റെ വിലയും വച്ചുനോക്കുകയാണെങ്കിൽ 4,280 ലോറി ഒരു ദിവസം കേരളത്തിൽ നിന്നും തമിഴ്നാട്ടിലേക്ക് പോകണം. (ഒരു ടൺ വേർതിരിക്കാത്ത മണലിന് 3,200 രൂപ കണക്കാക്കാം. ഒരു ലോറിയിൽ കൊള്ളുന്നത് 10 ടൺ മണൽ). 10 വർഷം ഇത്രയധികം ലോറികൾ തമിഴ്നാട്ടിലേക്ക് കരിമണലുമായി പോയിട്ടും ആരും കണ്ടില്ലെന്ന് പറയുന്നത് മണ്ടത്തരമാണ്.

10 വർഷത്തിനിടയിൽ 50,000 കോടി രൂപയുടെ കരിമണൽ കള്ളക്കടത്ത് നടന്നതായാണ് വാർത്തകൾ വന്നത്. ആ കണക്കും കരിമണലിന്റെ വിലയും വച്ചുനോക്കുകയാണെങ്കിൽ 4,280 ലോറി ഒരു ദിവസം കേരളത്തിൽ നിന്നും തമിഴ്നാട്ടിലേക്ക് പോകണം. (ഒരു ടൺ വേർതിരിക്കാത്ത മണലിന് 3,200 രൂപ കണക്കാക്കാം. ഒരു ലോറിയിൽ കൊള്ളുന്നത് 10 ടൺ മണൽ). 10 വർഷം ഇത്രയധികം ലോറികൾ തമിഴ്നാട്ടിലേക്ക് കരിമണലുമായി പോയിട്ടും ആരും കണ്ടില്ലെന്ന് പറയുന്നത് മണ്ടത്തരമാണ്. ഈ മേഖലയെക്കുറിച്ച് ഒന്നും പഠിക്കാതെ പത്രക്കാർ ആരെല്ലാമോ പറഞ്ഞുകൊടുക്കുന്നത് വിളമ്പുകയാണ്. അഥവാ ഇത്രയധികം ലോറികൾ പോയിട്ടുണ്ട് എന്നുതന്നെ വയ്ക്കുക, അത് തടയാൻ കഴിയാതെ പോയ ഉദ്യോഗസ്ഥ-പോലീസ് സംവിധാനങ്ങളല്ലേ കുറ്റക്കാർ? എന്നിട്ടും നാട്ടുകാർ കരിമണൽ കള്ളക്കടത്തിന് കൂട്ടുനിൽക്കുന്നു എന്നതരത്തിലാണ് ആരോപണം.

**കള്ളക്കടത്ത് ഈ വിധത്തിൽ നടന്നിട്ടില്ല എന്ന് പറയുന്നത് ശരിയായിരിക്കാം. എന്നാൽ കൊല്ലം തീരത്തെ ക്യു ഗ്രേഡ് മണൽ എങ്ങനെ തമിഴ്നാട്ടിലെ കമ്പനിയിൽ കണ്ടെത്തി എന്ന ചോദ്യം അവശേഷിക്കുകയാണ്?**

അതാണ് അന്വേഷിക്കേണ്ട വസ്തുത. ആരും ഇതുവരെ കരിമണൽ കടത്തിന്റെ പേരിൽ പിടിക്കപ്പെട്ടിട്ടില്ല. ഒരു കേസും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. നാട്ടുകാർക്ക് പങ്കുള്ളതായി ഒരു തെളിവും കിട്ടിയിട്ടില്ല. നിലവിൽ ഖനനാനുമതിയുള്ള ഐ.ആർ.ഇയും കെ.എം.എം.എല്ലും അറിഞ്ഞുകൊണ്ടല്ലാതെ കരിമണൽ കേരളത്തിൽ നിന്നും കടത്താൻ കഴിയില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുള്ള സാധ്യതകൾ ഇവിടെ നിലനിൽക്കുന്നുണ്ട്. ഐ.ആർ.ഇക്കും കെ.എം.എം.എല്ലിനും വേണ്ട കരിമണൽ എത്തിച്ചുകൊടുക്കാൻ സ്വകാര്യ കരാറുകാർക്ക് അനുമതി നൽകിക്കൊണ്ട് 1993ൽ സർക്കാർ ഒരു ഉത്തരവിറക്കിയിരുന്നു. പ്രതിമാസം 2000 ടൺ കരിമണൽ ഖനനം ചെയ്യാനുള്ള അനുമതി ഈ ഉത്തരവിലൂടെ സ്വകാര്യ കരാറുകാർക്ക് ലഭിച്ചു. ഇതിന്റെ മറവിൽ സ്വകാര്യ കരാറുകാർ കരിമണൽ കടത്തിയിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടതുണ്ട്. 1997ൽ വന്ന എൽ.ഡി.എഫ് സർക്കാർ ഈ ഉത്തരവ് അഞ്ച് വർഷത്തേക്ക് നീട്ടിക്കൊടുത്തു. ഐ.ആർ.ഇക്കാണെന്ന് പറഞ്ഞ് വാരിയ മണൽ ഐ.ആർ.ഇയിൽ എത്തിയിട്ടുണ്ടോ? ഐ.ആർ.ഇയിൽ എത്തിയ മണലെല്ലാം അവിടെത്തന്നെ വേർതിരിച്ചിട്ടുണ്ടോ? എന്നിങ്ങനെയുള്ള കാര്യങ്ങൾ വിശദമായി അന്വേഷിക്കണം. ഐ.ആർ.ഇയിലെ ഉദ്യോഗസ്ഥരെയും ചോദ്യം ചെയ്യണം. എന്നാൽ കരിമണൽ കള്ളക്കടത്തിനെക്കുറിച്ച് ഇത്രയേറെ വാർത്തവന്നിട്ടും അന്വേഷണം ആ വഴിക്കൊന്നും പോയിട്ടില്ല. ഐ.ആർ.ഇ വേർതിരിച്ച് നൽകുന്ന ഇൽമനൈറ്റിന് ഗുണനിലവാരമില്ലെന്ന് പറഞ്ഞ് കൊച്ചിയിലെ സ്വകാര്യ കമ്പനിയായ സി.എം.ആർ.എൽ പലപ്പോഴും തിരിച്ചയയ്ക്കാറുണ്ട്. ഈ മണൽ തിരികെ ഐ.ആർ.ഇയിൽ ത്തന്നെ എത്തുന്നുണ്ടോ എന്നും അന്വേഷിക്കണം. വെറുതെ നാട്ടുകാരെ സംശയത്തിന്റെ നിഴലിൽ നിർത്തുക എന്നതാണ് ഈ വാർത്തകളുടെ താത്പര്യം. കേസുകളൊന്നും രജിസ്റ്റർ ചെയ്യാതെ കള്ളക്കടത്ത് നടക്കുന്നു എന്ന് ആവർത്തിക്കുന്നത് അസംബന്ധമാണ്. കേരളം പോലെ പ്രബുദ്ധമായ ഒരു സമൂഹം അതിന് വിലകൊടുക്കരുത്.

**സ്വകാര്യമേഖലയിലും ഖനനം അനുവദിക്കുന്ന കാര്യത്തിൽ എപ്പോൾ വേണമെങ്കിലും ഒരു രാഷ്ട്രീയ തീരുമാനമുണ്ടാകാവുന്ന സ്ഥിതി വിശേഷമാണ് കേരളത്തിൽ നിലനിൽക്കുന്നത്. സ്വാകാര്യ ഖനനത്തിന്റെ സാധ്യതകൾ വിളമ്പുന്ന പെയ്ഡ് ന്യൂസുകൾ മുതൽ സംയുക്ത ട്രേഡ് യൂണിയനുകൾ വരെ ഇതിനായി ശക്തമായി കരുക്കൾ നീക്കുന്നുണ്ട്. എന്തുതരം പ്രതിഷേധത്തിനാണ് നിങ്ങളൊരുങ്ങുന്നത്? ഒരിക്കൽ സ്വകാര്യ കരിമണൽ ഖനനത്തെ കെട്ടുകെട്ടിച്ച ചരിത്രം തീരദേശ ജനതയ്ക്കുണ്ടല്ലോ?**

അതെ. സ്വകാര്യ മേഖലയിൽ ഖനനം അനുവദിക്കണം എന്ന ആവശ്യം ഇതാദ്യമായല്ല ശക്തമാകുന്നത്. 1995 മുതൽ സി.എം.ആർ.എൽ കമ്പനി ഇതിനായി ശ്രമിക്കുന്നുണ്ട്. 1994ൽ ഓസ്ട്രേലിയൻ കമ്പനിയായ വെസ്ട്രേലിയൻസ് ലിമിറ്റഡിനെയും അമേരിക്കൻ കമ്പനിയായ റെന്നിസൺ ഗോൾഡ് ഫീൽഡ്സ് കോർപ്പറേഷനെയും ഖനന മേഖലയിലേക്ക് കൊണ്ടുവരാനുള്ള ശ്രമം അന്നത്തെ യു.ഡി.എഫ് സർക്കാറിന്റെ ഭാഗത്ത് നിന്നുമുണ്ടായി. ജനങ്ങളുടെ പ്രതിഷേധം കൊണ്ടുതന്നെയാണ് പിന്നീട് വന്ന സർക്കാറിന് ആ ശ്രമം ഉപേക്ഷിക്കേണ്ടി വന്നത്. എന്നാൽ സി.എം.ആർ.എൽ ഉൾപ്പെടെയുള്ള സ്വകാര്യകമ്പനികൾക്ക് വഴി തുറന്നുകൊടുത്ത സംഭവമായിരുന്നു അത്. പൊതു-സ്വകാര്യമേഖല സംയുക്ത സംരംഭം എന്ന തന്ത്രമാണ് സി.എം.ആർ.എൽ ആദ്യമിറക്കിയത്. കെ.എസ്.ഐ.ഡി.സി (കേരള സ്റ്റേറ്റ് ഇൻഡ

സ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ)ക്ക് നാമമാത്രമായ ഷെയർ നൽകിക്കൊണ്ട് സി.എം.ആർ.എല്ലും അവരുടെ എക്സ്പോർട്ടിംഗ് കമ്പനികളും പങ്കാളികളായി കേരള റെയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് എന്നൊരു കമ്പനിയുണ്ടാക്കി. ഈ ശ്രമവും ജനങ്ങളുടെ പ്രതിഷേധങ്ങൾ കാരണം പൊളിഞ്ഞുപോയി. 1997ൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ബി.ജെ.പി സർക്കാർ അതുവരെ സ്ട്രാറ്റജിക് മിനറൽ ഗണത്തിൽപ്പെട്ടുത്തിയിരുന്ന ധാതുമണൽ വ്യവസായത്തെ സ്വകാര്യവത്കരിക്കുന്നതിനുള്ള തടസ്സം നീക്കിക്കൊണ്ട് ഉത്തരവിട്ടു. സംയുക്തമേഖലയിൽ സ്വകാര്യവത്കരണം ആകാം എന്നതായിരുന്നു നയം. ഇതിനെതിരെ ശക്തമായ പ്രതിഷേധം തീരദേശത്ത് നിന്നുമുണ്ടായി. കേന്ദ്ര നയത്തിൽ മാറ്റമുണ്ടായ സാഹചര്യം കണക്കിലെടുക്ക് ഖനനാനുമതി കിട്ടുന്നതിനുള്ള ഊർജ്ജിതമായ ശ്രമം സി.എം.ആർ. എൽ നടത്തിയിരുന്നു. ജനരോഷം ഭയന്ന് ഇടത്-വലത് സർക്കാറുകളൊന്നും അതിന് കൂട്ടുനിന്നില്ല. സ്വകാര്യലോബികളുടെ സ്വാധീനത്തിന് വഴങ്ങിക്കൊടുത്തിരിക്കുന്ന രാഷ്ട്രീയക്കാർ എല്ലാ പാർട്ടികളിലുമുള്ളതിനാൽ സി.എം.ആർ.എൽ ശ്രമം തുടരുകയാണ്. കരിമണൽ കിട്ടാതെ സി.എം.ആർ.എൽ പ്രതിസന്ധിയിലാണെന്നും ഐ.ആർ.ഇ ഇൽമനൈറ്റ് തരുന്നില്ലെന്നുമുള്ള വാർത്തകൾ പതിവായി വന്നുതുടങ്ങിയിരിക്കുന്നു. സി.എം.ആർ.എല്ലിന് കരിമണൽ ഖനനത്തിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സംയുക്ത ട്രേഡ് യൂണിയനുകൾ 2013 നവംബർ 6ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയതും എളമരം കരീം അത് ഉദ്ഘാടനം ചെയ്തതുമെല്ലാം നമ്മൾ കണ്ടതാണല്ലോ. എന്തായാലും പൊതുമേഖലാ ഖനനം കൊണ്ടുതന്നെ പൊറുതിമുട്ടിയ ഞങ്ങൾ സി.എം.ആർ.എല്ലിനെക്കൂടി ഇവിടേക്ക് കടക്കാൻ അനുവദിക്കില്ല.

**പൊതുമേഖലാ സ്ഥാപനമായ കെ.എം.എം. എല്ലിനെ തകർക്കുന്നതിനും സ്വകാര്യ ഖനനത്തിനുള്ള അനുമതിക്കായി ശ്രമിക്കുന്ന വൻ ലോബികൾ ശ്രമിക്കുന്നതായി പരാതിയുണ്ടല്ലോ? കഴിഞ്ഞ ജൂലായ് മാസത്തിൽ കെ.എം.എം.എല്ലിൽ വാതകച്ചോർച്ചയുണ്ടായ സംഭവത്തെക്കുറിച്ചും പലവിധ സംശയങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ടല്ലോ?**

കെ.എം.എം.എൽ മലിനീകരണവുമായി ബന്ധപ്പെട്ട കേസ് ദേശീയ ഹരിത ട്രിബ്യൂണലിൽ വരുന്നതിന്റെ തലേന്നാണ് വാതക ച്ചോർച്ച പോലെയുള്ള പ്രശ്നങ്ങളുണ്ടായത്. അതുകൊണ്ടാണ് ഇതിൽ ഞങ്ങൾക്കും സംശയമുള്ളത്. കെ.എം.എം.എല്ലിനെ തകർക്കാൻ ആരെങ്കിലും ബോധപൂർവ്വം ശ്രമിക്കുന്നുണ്ടോ എന്നത് അന്വേഷിക്കേണ്ട കാര്യമാണ്. സർക്കാർ തലത്തിൽ നടന്ന അന്വേഷണം എവിടെയും എത്താതെ പോയത് തന്നെ സംശയമുളവാക്കുന്നു. അതേസമയം, കെ.എം.എം.എൽ തീർത്തും മോശമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു കമ്പനിയാണ്. ഇൽമനൈറ്റിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച ശേഷം ഫാക്ടറിയിൽ നിന്നും പുറംതള്ളുന്ന അവശിഷ്ടമായ അയൺ ഓക്സൈഡ് വർഷങ്ങളായി കോമ്പൗണ്ടിൽ തന്നെ കെട്ടിക്കിടക്കുകയാണ്. അത് ചോർന്നൊലിച്ച് സമീപപ്രദേശങ്ങളിലാകെ പരന്നിരിക്കുന്നു. കെ.എം.എം.എല്ലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജനങ്ങൾ കമ്പനിക്കെതിരെ വർഷങ്ങളായി സമരത്തിലാണ്. മാലിന്യം സംസ്കരിക്കുന്നതിനുള്ള നടപടികളൊന്നും കമ്പനി ഇനിയും കൈക്കൊണ്ടിട്ടില്ല. കടലിലേക്ക് ആസിഡ് കലർന്ന മലിനജലം വർഷങ്ങളായി കെ.എം.എം.എൽ ഒഴുക്കി വിടുന്നുണ്ട്. ഇത് കടലിലെ ജൈവവൈവിധ്യത്തിന്റെ നാശത്തിന് കാരണമായിത്തീർന്നു. പരവ എന്ന മത്സ്യത്തിന്റെ പ്രജനന കേന്ദ്രമായിരുന്നു ചവറയുടെ തീരങ്ങൾ. ഇന്ന് പരവയെ എവിടെയും കാണാനില്ല. ചവറപ്പാര് എന്നറിയപ്പെടുന്ന കടലിലെ കല്ലുകൾക്ക് ആസിഡ് വെള്ളം വീണ് ചുവന്നനിറം വന്നു. ഒരു കടൽക്കാക്കയെപ്പോലും ഇന്ന് അവിടെ കാണാൻ കഴിയില്ല. മനുഷ്യവാസമുള്ള പ്രദേശത്ത് പ്രവർത്തിക്കാൻ പാടില്ലാത്ത കമ്പനിയാണിത്. കെ.എം.എം.എല്ലും ഐ.ആർ.ഇയും പൊതുമേഖലാ സ്ഥാപനങ്ങളാണെങ്കിലും രണ്ടിന്റെയും തലപ്പത്തുള്ളവർ സ്വകാര്യലോബികൾക്ക് വേണ്ടി പണിയെടുക്കുന്നവരാണ്. ഐ.ആർ. ഇയുടെ തലപ്പത്തുണ്ടായിരുന്ന ആർ.കെ. ഗാർഗ് ഇപ്പോൾ സി.എം.ആർ.എല്ലിന്റെ ചെയർമാനാണ്. ഈ രണ്ട് പൊതുമേഖലാ ഖനന കമ്പനികളുടെയും മാനേജ്മെന്റ് തന്നെയാണ് അവയുടെ തകർച്ചക്ക് ഉത്തരവാദികൾ. അശാസ്ത്രീയവും അനിയന്ത്രിതവുമായ ഖനനത്തിന് അനുമതി നൽകിയും കാലോചിതമായ പരിഷ്കരണങ്ങൾ നടത്താതെയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാക്കാതെയും സർക്കാർ വകുപ്പുകളും ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് കൂട്ടുനിൽക്കുന്നു.

**ഖനനത്തിന്റെ കാര്യത്തിൽ ആലപ്പാട് പഞ്ചായത്ത് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്?**

ഗ്രാമപഞ്ചായത്ത് ഭരണസമിതി ഖനനം നിരോധിച്ചുകൊണ്ട് ഏകകണ്ഠമായ തീരുമാനമെടുത്തിട്ടുണ്ട്. എന്നിട്ടും ഖനനം നിർത്തിവയ്ക്കാൻ ഐ.ആർ.ഇ തയ്യാറായിട്ടില്ല. തങ്ങളുടെ പ്രദേശത്ത് ഖനനം പാടില്ലെന്ന് പറയുന്നതിനുള്ള അധികാരം പഞ്ചായത്തിനുണ്ട്. പക്ഷെ തീരുമാനം നടപ്പിലാക്കാൻ പറ്റുന്നില്ല. കേന്ദ്ര മൈനിംഗ് നിയമങ്ങൾ പോലും മറികടന്ന് പ്രവർത്തിക്കുന്ന കമ്പനിയെ കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് പോലും നിയന്ത്രിക്കാൻ കഴിയുന്നില്ലല്ലോ. കരുനാഗപ്പിള്ളി എം.എൽ.എ ആയിരുന്ന സി.പി.ഐയുടെ പി.എസ്. ശ്രീനിവാസൻ മാത്രമാണ് ഖനനത്തിനെതിരെ നിലപാടെടുത്ത ഒരേ ഒരു ജനപ്രതിനിധി. പഞ്ചായത്ത് ഭരണസമിതി ജനങ്ങളുടെ താത്പര്യത്തിനൊപ്പം നിൽക്കുന്നുണ്ട്. എന്നാൽ അതിന് മുകളിലുള്ള ഒരു ജനപ്രതിനിധികളും ഖനനത്തിന് എതിരായി നിലപാടെടുത്തിട്ടില്ല.



കടൽ കയറ്റത്തെതുടർന്ന് ഉപേക്ഷിക്കപ്പെട്ട ഒരു വീട്. വെള്ളനാതുരുത്തിൽ നിന്നുള്ള ദൃശ്യം.

**കെ.പി.സി.സി പ്രസിഡന്റ് വി.എം. സുധീരൻ കരിമണൽ ഖനനത്തിനെതിരായി നിലപാടുള്ളയാളാണല്ലോ?**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ സ്വകാര്യകരിമണൽ ലോബി ഖനനത്തിനായി ശ്രമിച്ചപ്പോൾ വി.എം. സുധീരൻ അതിനെ എതിർത്തുകൊണ്ട് ശക്തമായി രംഗത്ത് വന്നിരുന്നു. എന്നാൽ കൊല്ലം ജില്ലയുടെ തീരങ്ങളിൽ പൊതുമേഖലാ കമ്പനികൾ വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന അശാസ്ത്രീയ ഖനനത്തിനെതിരെ അദ്ദേഹം നിലപാടെടുത്തിട്ടില്ല. കായംകുളത്തിന് അപ്പുറവും ഇപ്പുറവും രണ്ട് നിലപാടാണ് സുധീരനുള്ളത്. ഖനനത്തിന് സ്വകാര്യ-പൊതുമേഖലാ വ്യത്യാസമില്ലെന്നാണ് ഞങ്ങളുടെ അനുഭവം. അദ്ദേഹത്തിന് ആത്മാർത്ഥതയുണ്ടെങ്കിൽ എല്ലാവിധ ഖനനത്തിനോടും സമാനമായ നിലപാടല്ലേ സ്വീകരിക്കേണ്ടത്? യുവ സാഹിത്യകാരനായ ജി.ആർ. ഇന്ദുഗോപൻ ആലപ്പാട്ടെ കരിമണൽ ഖനനത്തിന്റെ പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മണൽജീവികൾ എന്ന പേരിൽ ഒരു നോവൽ എഴുതിയിട്ടുണ്ട്. ഞാനാണ് അതിന് അവതാരിക എഴുതിയത്. ആ പുസ്തകത്തിന് ലഭിച്ച റോയൽറ്റി തുക ഖനനമേഖലയിൽ പ്രവർത്തിക്കുന്ന ജനകീയ സംഘടനകൾക്ക് നൽകാനാണ് ഇന്ദുഗോപൻ തീരുമാനിച്ചത്. തുക സംഘടനകൾക്ക് കൈമാറുന്നതിനായി ഞങ്ങൾ വി.എം. സുധീരനെയാണ് ക്ഷണിച്ചത്. എന്നാൽ അദ്ദേഹം വരാൻ തയ്യാറായില്ല. സമരപരിപാടി പോലുമല്ലാത്ത ഒരു യോഗത്തിന് വരാൻ പോലും സുധീരൻ മടികാണിച്ചു.

**ആലപ്പാട് പഞ്ചായത്തിൽ തന്നെ സ്ഥിതി ചെയ്യുന്ന മറ്റൊരു പേരുകേട്ട സ്ഥാപനമാണ് അമൃതാനന്ദമയി മഠം. ജനങ്ങളുമായി സമ്പർക്കം പുലർത്തുന്ന ഒരു സ്ഥാപനം എന്ന നിലയിൽ കൺമുന്നിൽ നടക്കുന്ന ഖനനത്തിനെതിരായി മഠം എന്തെങ്കിലും നിലപാടെടുത്തിട്ടുണ്ടോ?**

ഇല്ല. മഠം ഇതുവരെ ഒന്നും പറഞ്ഞിട്ടില്ല. ഐ.ആർ.ഇ ഉദ്യോഗസ്ഥർ മഠത്തിനെ സ്വാധീനിച്ചതായിത്തന്നെയാണ് ഞാൻ കരുതുന്നത്. സുനാമി പുനരധിവാസത്തിന്റെ ഭാഗമായി മഠം വീടുകൾ നിർമ്മിക്കുന്നതിനായി ആദ്യം ഖനനമേഖലയ്ക്കടുത്തുള്ള ഒരു സ്ഥലത്ത് പൈലിംഗ് നടത്തിയിരുന്നു. 135 വീടുകൾക്കുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. പിന്നീട് ആ പദ്ധതി ഉപേക്ഷിച്ചു. എന്തുകൊണ്ട് ഉപേക്ഷിച്ചു എന്നത് വിശദീകരിച്ചിട്ടില്ല. ഐ.ആർ.ഇ ഇടപെട്ടതാകുമെന്ന് ഞാൻ കരുതുന്നു. പരിസ്ഥിതി വിഷയങ്ങളിൽ മഠം പൊതുവെ നിലപാടൊന്നും എടുക്കാറില്ല. അതിന് ധാർമ്മികമായിത്തന്നെ അവർക്ക് കഴിയില്ല. മഠം നിർമ്മിച്ചിരിക്കുന്നത് പോലും സി.ആർ.ഇസഡ് നിയമം ലംഘിച്ചാണ്.

**കരിമണൽ ഖനന പ്രദേശത്തെ ജനങ്ങളെ ഐ.ആർ.ഇ മാന്യമായി പുനഃരധിവസിപ്പിച്ചിട്ടുണ്ടെന്ന് അവർ പറയുന്നുണ്ടല്ലോ? ദേ**

*⇨ പുനഃരധിവാസ സൗകര്യം ലഭിച്ച കുറച്ചുപേരുടെ വാർത്തകൾ ആഘോഷമായി വരാറുമുണ്ട് ⇨*



കെ.സി. ശ്രീകുമാർ

**ശീയപാതയുടെ ഓരത്ത്, കോടീശ്വരൻ കോളനി എന്ന പേരിൽ അറിയപ്പെടുന്ന പുനഃരധിവാസ കോളനി ഒരു മാതൃകയായാണ് അവതരിപ്പിക്കപ്പെടുന്നത്. ഭൂമി നഷ്ടപ്പെട്ടവർക്കായി ഐ.ആർ.ഇ ഒന്നും ചെയ്തില്ല എന്ന് പറയുന്നത് ശരിയല്ലല്ലോ?**

കോടീശ്വരൻ കോളനി പുനഃരധിവാസത്തിന്റെ ഒരു മാതൃകാ പ്ലോട്ടായി കാണിക്കുന്നതിനായാണ് ഭംഗിയായി വച്ചിരിക്കുന്നത്. ദേശീയപാതയുടെ ഓരത്ത് തന്നെയുള്ള സ്ഥലമായതിനാൽ നല്ല പബ്ലിസിറ്റിയും കിട്ടും. കരിമണലെടുക്കുന്നതിനായി ഭൂമി വിട്ടുകൊടുത്ത പലർക്കും അവിടെ ഭൂമി തിരികെ കിട്ടി എന്നത് വാസ്തവമാണ്. അതിൽ ഗൾഫിലെല്ലാം പോയവർ ദേശീയപാതയോട് ചേർന്ന് വലിയ വീടുകൾ വച്ചു. കുറച്ച് പേർ കോടീശ്വരൻ കോളനിയിൽ സൗകര്യത്തോടെ കഴിയുന്നുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ ദേശീയപാതയുടെ ഓരത്തല്ലാത്ത വെള്ളനാതുരുത്തിൽ നിങ്ങൾ വരണം. അപ്പോൾ കാണാം ഖനനമേഖലയിലെ ജനങ്ങളുടെ യഥാർത്ഥ അവസ്ഥയെന്താണെന്ന്. സ്ഥലം നഷ്ടമായിട്ടും പുനഃരധിവാസം ലഭ്യമാകാത്ത നിരവധിപേർ അവിടെയുണ്ട്. ഹൈവേയോട് ചേർന്ന സ്ഥലമല്ലാത്തതിനാൽ ആരും അവരെ കാണില്ലെന്ന് അധികൃതർക്ക് അറിയാം. മാധ്യമങ്ങളിൽ ഇന്നും സ്ഥലം ലഭിക്കാത്തവരുടെ വാർത്തകൾ വരാറില്ല. പുനഃരധിവാസ സൗകര്യം ലഭിച്ച കുറച്ചുപേരുടെ വാർത്തകൾ ആഘോഷമായി വരാറുമുണ്ട്. പലതും പെയ്ഡ് ന്യൂസാണ്. സ്ഥലം ലഭിക്കാത്തവർ വാടകവീടുകളിലാണ് ഇന്ന് താമസിക്കുന്നത്. അതിനുള്ള വാടക പോലും കൊടുക്കുന്നതിനുള്ള മാന്യത കോടികളുടെ വരുമാനമുണ്ടാക്കുന്നതായി വീമ്പു പറയുന്ന ഐ.ആർ.ഇയോ സർക്കാറോ കാണിച്ചിട്ടില്ല.

**ഐ.ആർ.ഇയിലെ ജോലിക്കാരായ നാട്ടുകാരും ഇവിടെ ഉണ്ടാകുമല്ലോ. എന്താണ് അവരുടെ നിലപാട്?**

അതാണ് കമ്പനിയുടെ തന്ത്രം. കരിമണലെടുപ്പിനെതിരെ പ്രതിഷേധം വരുമെന്നത് മുന്നിൽക്കണ്ട് അവർ നാട്ടിലെ പ്രബലരായ പലർക്കും കമ്പനിയിൽ ജോലി നൽകി. നിരവധി സമരങ്ങളെ അവർ ഈവിധം കൈകാര്യം ചെയ്തിട്ടുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നും കുറച്ചുപേരെ തെരഞ്ഞുപിടിച്ച് തൊഴിലാളികളായി നിയമിച്ചിട്ടുണ്ട്. അവർ സ്ഥിരം തൊഴിലാളികളല്ല. ഇപ്പോഴും സിവിൽഫോറം തൊഴിലാളികളായി തുടരുകയാണ്. ഖനനവുമായി ബന്ധപ്പെട്ട് ഈ നാട്ടുകാർക്ക് ലഭിച്ചിട്ടുള്ള എല്ലാ തൊഴിലുകളുടെയും എണ്ണമെടുത്താലും ഖനനം കാരണം നഷ്ടമായ പരമ്പരാഗത തൊഴിലുകളേക്കാൾ അധികം വരില്ല. എന്നാലും നാട്ടിലെ പ്രബലരായ ആളുകൾക്ക് തൊഴിൽ നൽകുന്ന തന്ത്രത്തിലൂടെ ഐ.ആർ.ഇ വളരെ തന്ത്രപൂർവ്വം പ്രതിഷേധങ്ങളെ നിർവ്വീര്യമാക്കി. ഐ.ആർ.ഇയിൽ തൊഴിൽ കിട്ടുമെന്ന് പ്രതീക്ഷിച്ച് ഐ.ടി.ഐക്ക് പഠിക്കാൻ പോയ നിരവധി പേർ ഈ ഗ്രാമത്തിലുണ്ട്. അവരിൽ മിക്കവരും ഇന്ന് മത്സ്യബന്ധന മേഖലയിലാണ് ജോലി ചെയ്യുന്നത്. ■


**ജലാശയം 2014**

**ജലസുരക്ഷാ സമ്മേളനം, പാലക്കാട്**
**ഒക്ടോബർ 11, 12. ജില്ലാ പഞ്ചായത്ത്**
**കോൺഫറൻസ് ഹാൾ, പാലക്കാട്**
ഡോ. രാജേന്ദ്രസിംഗ്
വി.എസ്. അച്യുതാനന്ദൻ
തുടങ്ങിയവർ പങ്കെടുക്കുന്നു
ബന്ധങ്ങൾക്ക്: കല്ലൂർ ശ്രീധരൻ, 9847375347

**ആദിവാസി പാർലമെന്റ്**

നിൽപ്പ് സമരം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ **ആറളം ഫാമിലെ** പുനരധിവാസ മേഖലയിൽ **ഒക്ടോബർ 15,16** തീയതികളിൽ ആദിവാസി പാർലമെന്റ് സംഘടിപ്പിക്കുന്നു. 1000 ത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന ആദിവാസി ഗ്രാമസഭ ചേരുന്നു. ആദിവാസി ഗ്രാമസഭാ നിയമം നടപ്പിലാക്കുന്നതിനുള്ള രൂപരേഖ ചർച്ച ചെയ്യുന്നു.
ബന്ധങ്ങൾക്ക്: 9746361106